# Mathrubhumi

# 23 August 2018

# Thiruvananthapuram, After Flood, Department of Co-operation, Houses will Provide

## സഹകരണവകുപ്പ് 1500 കുടുംബങ്ങൾക്ക് വീട് നൽകും

**തിരുവനന്തപുരം ▸** പ്രളയത്തിൽ വീട് നഷ്ടപ്പെട്ട 1500 കുടുംബങ്ങൾക്ക് സഹകരണവകുപ്പ് വീട് നിർമിച്ചുനൽകുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ.

ഒരു കുടുംബത്തിന് അഞ്ചുലക്ഷം രൂപ ധനസഹായം നൽകും. പദ്ധതിക്കായി സഹകരണവകുപ്പ് 75 കോടി രൂപ ചെലവഴിക്കും.

ഉപഭോക്താക്കളെ ജില്ലാഭരണകൂടം തിരഞ്ഞെടുക്കും. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാത് പ്രദേശത്തെ സഹകരണസ്ഥാപനങ്ങൾക്കായിരിക്കും നിർമാണച്ചുമതല. 600 ചതുരശ്ര അടി വിസ്തൃതിയുള്ള വീടുകളാണ് നിർമിക്കുക. ഓരോ പ്രദേശത്തിൻേറയും പ്രത്യേകതകൾ ഉൾക്കൊണ്ട് ദുരന്തങ്ങളെ അതിജീവിക്കാൻ പ്രാപ്തമായ വീടുകളാകും അത്.

ഇതിനായി സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തും. ഈ കുടുംബങ്ങളുടെ സമ്പൂർണ പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹകരണമേഖല നൽകുന്ന 60 കോടിക്കുപുറമേയാണ് ഭവനപദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.